LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സംസ്ഥാന മത്സ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം ഡയറക്ടറേറ്റ് തലത്തിലും സെക്രട്ടേറിയറ്റ് തലത്തിലും നടത്തുന്നു. അതുകൂടാതെ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ അവലോകന യോഗങ്ങൾ നടത്താറുണ്ട്. ഇതിനുപുറമെ മത്സ്യഫെഡ് മുഖേന സർക്കാർ നടപ്പിലാക്കിയ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം മത്സ്യഫെഡിന്റെ പ്രതിമാസ പ്രവർത്തന അവലോകന യോഗങ്ങളിൽ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ തലത്തിൽ നടക്കുന്ന പ്രതിമാസ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് ബോർഡ് 3 മാസം കൂടുമ്പോൾ അവലോകന യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി വാർദ്ധക്യകാല പെൻഷൻ പദ്ധതി, അപകട ഇൻഷ്വറൻസ് പദ്ധതി, മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പദ്ധതി, സമ്പാദ്യ സമാഹരണ പദ്ധതി, ഭവന നിർമ്മാണ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ, ട്രോളിംഗ് കാലയളവിൽ സൗജന്യറേഷൻ, എ.പി.എൽ./ബി.പി.എൽ. പരിഗണന കൂടാതെ 1.60 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യറേഷൻ, പലിശരഹിത വായ്പാ പദ്ധതി, റിവോൾവിംഗ് ഫണ്ട്, പീലിംഗ് തൊഴിലാളികൾക്ക് സഹായം, മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി തുടങ്ങിയ മത്സ്യമേഖലയിലെ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യഫെഡും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം I-ഉം അനുബന്ധം II-ഉം ആയി ചേർത്തിരിക്കുന്നു*.

(സി) 4,99,837 മത്സ്യത്തൊഴിലാളികൾക്ക് 210.57 കോടി രൂപയുടെ സഹായം അനുവദിച്ചു. ഇതിനുപുറമെ മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം 380.45 കോടി രൂപയുടെ സഹായം അനുവദിക്കുകയും 1,20,000 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം ലഭിക്കുകയും ചെയ്തു.

(ഡി) ഈ സാമ്പത്തിക വർഷം ഇതുവരെ 53.38 കോടി രൂപയുടെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതിനുപുറമെ കടാശ്വാസത്തിനായി ഇതുവരെ 380.45 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

തീരദേശ വികസന പദ്ധതി

240(532) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതമാണ് വകകൊള്ളിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*;

(സി) ഉണ്ട്. ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

ഫിഷ് ലാന്റിംഗ് സെന്ററുകൾ

241(533) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഫിഷ് ലാന്റിംഗ് സെന്ററുകളുണ്ട് ; ഇവയിൽ നിലവിൽ പ്രവർത്തനമുള്ളവ എത്ര;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രയെണ്ണം പുതുതായി നിർമ്മിച്ചു; എവിടെയെല്ലാം; പുതുതായി നിർമ്മിച്ചവയ്ക്ക് വേണ്ടിവന്ന ചെലവ് എത്ര;

(സി) പുതുതായി പണിതീർത്ത ഫിഷ് ലാന്റിംഗ് സെന്ററുകളിൽ പ്രവർത്തനമുള്ളവ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 44 ഫിഷ് ലാന്റിംഗ് സെന്ററുകൾ ഉണ്ട്. ഇവയിൽ 33 എണ്ണം പ്രവർത്തനമുള്ളവയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 17 ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുവാദം നൽകി. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നമ്പർ	പേര്	ജില്ല	ഭരണാനുവാദം നൽകിയ തുക ലക്ഷത്തിൽ	ചെലവായ തുക ലക്ഷത്തിൽ
(1)	(2)	(3)	(4)	(5)
1.	സാബ്രാണിക്കോടി	കൊല്ലം	30.00	29.58
2.	മുഹമ്മ	ആലപ്പുഴ	38.00	33.40
3.	പതിയാങ്കര (തൃക്കുന്നപ്പുഴ)	ആലപ്പുഴ	60.00	—
4.	മുട്ടത്തുമറ്റത്തിൽ	ആലപ്പുഴ	60.00	—
5.	വൈപ്പിൻ	എറണാകുളം	72.00	101.59
6.	ചാത്തനാട്	എറണാകുളം	40.00	40.88

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly